വിഹിതം വർദ്ധിപ്പിച്ചതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന അധിക തുകയുടെ സിംഹഭാഗവും ഇത്തരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിക്കേണ്ടി വരും. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാതാക്കുന്ന നടപടിയാണ് ഇതിലൂടെ കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്.

(സി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ മുൻ വർഷത്തേക്കാൾ 5,195.48 കോടി രൂപ അധികമായി നടപ്പുവർഷം സംസ്ഥാനത്തിന് ലഭിക്കും. ഗ്രാന്റിനത്തിൽ 5,563.42 കോടി രൂപ 2015-16 വർഷം സംസ്ഥാനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) പതിനാലാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി നികത്തുന്നതിനായി 2015-18 കാലയളവിൽ സംസ്ഥാനത്തിനായി ശിപാർശ ചെയ്തിട്ടുള്ള 9,519 കോടി രൂപയിൽ 4,640 കോടി രൂപ നടപ്പുവർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ 13,121.77 കോടിരൂപ 2015-16-ൽ സംസ്ഥാനത്തിനായി കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകൾക്കായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 88,864.52 കോടിരൂപ 2015-16 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ്

23 (*53) ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ന്യൂട്രിഷ്യൻ മോണിറ്ററിംഗ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് ആദിവാസികൾക്കിടയിൽ പോഷകാഹാരക്കുറവ് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) അട്ടപ്പാടി മേഖലയിൽ മാത്രം 5 വയസ്സിൽ താഴെയുള്ള ആദിവാസി കുട്ടികൾക്കിടയിൽ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, വനം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും ഫലപ്രദമായ പദ്ധതികൾ നടപ്പാക്കി വരുന്നു.

സഹകരണ മേഖല ശക്തിപ്പെടുത്തൽ

24 (*54) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി.എ. റഹീം :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും, ജനോപകാരപ്രദമാക്കുന്നതിനും ഈ സർക്കാരിന്റെ നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ നടപടികൾ പലതും സഹകരണ സ്ഥാപനങ്ങൾ മുഖേന നല്ല രീതിയിൽ നടപ്പിലാക്കിയിരുന്ന ജനോപകാര പദ്ധതികൾക്ക് പ്രതിസന്ധി സൃഷ്ടിച്ചതായി ആക്ഷേപമുണ്ടോ ; നിലപാട് വ്യക്തമാക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായവും സംരക്ഷണവും നൽകാതെ അവ തകരാനിടയാക്കുന്ന നിലപാടുകൾ സ്വീകരിച്ചാൽ സാമൂഹ്യമായി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സഹകരണ സ്ഥാപനങ്ങൾക്ക് തകർച്ചയുണ്ടാക്കുന്നതായി ആക്ഷേപിക്കപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ തിരുത്തുന്നതിനും സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിൽ നിലപാട് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly